# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 11 ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -378)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 2318 മുതൽ 2454 വരെ |
| റവന്യൂവകുപ്പുമന്ത്രി | : 2455 മുതൽ 2554 വരെ |
| മരാമത്ത് വകുപ്പുമന്ത്രി | : 2555 മുതൽ 2644 വരെ |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 2645 മുതൽ 2695 വരെ |

### പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി

2318 ശ്രീ. സി. ദിവാകരൻ
,, ജി.എസ്. ജയലാൽ
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെല്ലാം കൂടി എത്ര സീറ്റുകളുണ്ട്; അതിൽ ഗവൺമെന്റ് ക്വാട്ടയിലുള്ള സീറ്റുകൾ എത്ര;

(ബി) മുഴുവൻ സീറ്റുകളിലും വിദ്യാർത്ഥികളെ ലഭിക്കാത്തതുമൂലം സീറ്റുകൾ ഒഴിഞ്ഞു കിടക്കാറുണ്ടോ; എങ്കിൽ ഈ അദ്ധ്യയന വർഷം എത്ര സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എൻട്രൻസ് പരീക്ഷാ സമ്പ്രദായം എടുത്തുകളയാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ബിരുദാനന്തര എഞ്ചിനീയറിംഗ് പഠനസൗകര്യം</u>

2319 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട്, കണ്ണൂര്‍ എന്നിവിടങ്ങളിലെ സര്‍ക്കാര്‍ എഞ്ചിനീയറിംഗ് കോളേജുകളില്‍ ബിരുദാനന്തര എഞ്ചിനീയറിംഗ് പഠനസൗകര്യം നിലവിലുണ്ടോ ;

(ബി) പഠന സൗകര്യം നിലവിലില്ലെങ്കില്‍ ഈ സൗകര്യം ഏര്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ സാമൂഹ്യനീതി</u>

2320 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സാമൂഹ്യ നീതി ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

വിവിധ മേഖലകളിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ

2321 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിലായി ആകെ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടെന്നും ഓരോ മേഖലയിലും എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) ഇനി പുതിയതായി എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കോട്ടയം ജില്ലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ട്രെയിനിംഗ് കോളേജുകൾ</u>

2322 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ട്രെയിനിംഗ് കോളേജുകൾ ഉണ്ട്;

(ബി) അവയിൽ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നവ എത്ര; സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നവ എത്ര;

(സി) ഈ ട്രെയിനിംഗ് കോളേജുകളുടെ നിലവാരത്തെ സംബന്ധിച്ചും അവിടെ നിലവിലുള്ള സിലബസുകളുടെ നിലവാരത്തെ സംബന്ധിച്ചും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ അത്തരത്തിലൊരു പഠനം നടത്താൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

അനദ്ധ്യാപകരായ ജീവനക്കാർക്ക് യു.ജി.സി

2323 ശ്രീ. സി.എഫ് തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ.മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ യു.ജി.സിയുടെ ആനുകൂല്യങ്ങൾ അനദ്ധ്യാപകരായ ജീവനക്കാർക്ക് കൂടി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കോളേജുകളിൽനിന്ന് പ്രീഡിഗ്രി കോഴ്സുകൾ വേർപ്പെടുത്തിയതിനെത്തുടർന്ന് അനുവദിച്ച പുതിയ കോഴ്സുകൾ കൂടി കണക്കിലെടുത്ത് അനദ്ധ്യാപകരായ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ബധിരവിദ്യാർത്ഥികൾക്കായി കോളേജ്</u>

2324 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും ബധിര വിദ്യാർത്ഥികൾക്കായി കോളേജ് ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബധിരവിദ്യാർത്ഥികൾക്കായി സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഒരു കോളേജ് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>എം.എച്ച്.ആർ.ഡി സഹകരണത്തോടെ മോഡൽ കോളേജ്</u>

2325 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ പെരിങ്ങോട്ടുകുറിശ്ശിയിൽ ഐ. എച്ച്.ആർ.ഡി സഹകരണത്തോടെ ഒരു മോഡൽ കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയി
ട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ എം.എച്ച്.ആർ.ഡി. യുടെ ധന
സഹായം ലഭ്യമാകുമോ ;

(ഡി) ഇത്തരം സ്ഥാപനം മറ്റു ജില്ലകളിലേതിലെങ്കിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) മോഡൽ കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ ധന വിഭവം കണ്ടെത്തുന്നതെങ്ങിനെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസി വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം

2326

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം ലക്ഷ്യമാക്കി സർക്കാർ ഉടമസ്ഥതയിൽ കോളേജ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>എഞ്ചിനിയറിംഗ് കോഴ്സിന് പി.എസ്.സി. അംഗീകാരം</u>

2327 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി നടത്തുന്ന എം.എസ്.സി. സോഫ്റ്റ് വെയർ എഞ്ചിനീയറിംഗ് കോഴ്സിന് പി.എസ്.സി. യുടെ അംഗീകാരം ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോഴ്സിന് പി.എസ്.സി. യുടെ അംഗീകാരം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പഞ്ചവൽസര നിയമബിരുദ കോഴ്സ്</u>

2328 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിയമകോളേജ്കളിൽ പഞ്ചവൽസര നിയമ ബിരുദ കോഴ്സിൽ അകെ എത്ര സീറ്റുകളാണുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോഴ്സിലേക്കുള്ള പ്രവേശന പരിക്ഷ എഴുതിയവരിൽ നിന്നും ഈ വർഷം എത്രപേർ യോഗ്യത നേടിയിട്ടുണ്ട്;

(സി) ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം ആസ്ഥാനമായി ഉറുദു അക്കാദമി</u>

2329

ശ്രീ. പി. ബി. അബ്ദുൾറസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉർദു സംസാരഭാഷയായി ഉപയോഗിക്കുന്ന മഞ്ചേശ്വരം ആസ്ഥാനമായി ഉറുദു അക്കാദമി ആരംഭിക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രൊപ്പോസലിൻമേൽ എന്തൊക്കെ നടപടികൾ ആണ് സർക്കാർ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനിയറിംഗ് കോളേജ്</u>

2330 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളത്; പുതുതായി ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിനാണ് പ്രപ്പോസൽ ഉള്ളത്;

(ബി) പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് പൂർത്തിയാക്കാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം, ആൺകുട്ടികളുടേയും, പെൺകുട്ടികളുടേയും ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ഇവയുടെ നിർമ്മാണ പ്രവർത്തനം എന്ന് തുടങ്ങാനാവുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിൽ പ്രവാസി ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി

2331 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പ്രവാസി ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കോളേജിന് കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ അഫിലിയേഷൻ നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) 13-6-11-ന് ശേഷം സർക്കാരിൽ നിന്ന് ഭരണാനുമതിയും എൻ.ഒ.സി. യും ലഭിച്ച കോളേജുകൾക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി 2011-12 -ൽ അഫിലിയേഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ ഏത് കോളേജുകൾക്ക് ഏത് തീയതികളിൽ എന്ന് വ്യക്തമാക്കുമോ ;

(ഇ) കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരായ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ നിലവിലെ പെൻഷൻ പ്രായം ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏത് മാനദണ്ഡപ്രകാരം എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

മൊകേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ്

2332 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നതെന്നും ഓരോ കോഴ്സിനും എത്ര വിദ്യാർത്ഥികൾ വീതം പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച കോഴ്സുകൾ മൊകേരി ഗവൺമെന്റ് കോളേജിൽ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഏതെല്ലാം പുതിയ കോഴ്സുകളാണ് മൊകേരി കോളേജിൽ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>താനൂരിൽ ആർട്സ് ആന്റ് സയൻസ് കോളേജ്</u>

2333 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തോളം ഹയർ സെക്കൻഡറി സ്ക്കൂളുകൾ പ്രവർത്തിക്കുന്ന താനൂർ നിയോജക മണ്ഡലത്തിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ന്യൂനപക്ഷങ്ങളും പിന്നോക്കവിഭാഗങ്ങളും മത്സ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രസ്തുത പ്രദേശത്ത് കോളേജ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) സർവ്വകലാശാലയും യു. ജി. സി. യും ഇക്കാര്യത്തിൽ എന്തെങ്കിലും പ്രത്യേക നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഇവിടെ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ബദൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

2334 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബദൽ സ്കൂളുകളിലെ അദ്ധ്യാപകർക്കും കരാർ പുതുക്കാത്ത കാരണത്താൽ വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളുകളുടെ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണവും മുടങ്ങിയതായി ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരമുളള സാഹചര്യമുണ്ടാകാനുളള കാരണങ്ങൾ വെളിപ്പടുത്തുമോ;

(ഡി) ബദൽ സ്കൂളുകളുടെ പ്രവർത്തനം പുനസ്ഥാപിക്കുവാനും കുട്ടികളുടെ പഠനവും ഉച്ചഭക്ഷണവും ഉൾപ്പെടെയുളള സൗകര്യങ്ങൾ തുടരുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

എൻ. ഒ. സി. ലഭിച്ച സി. ബി. എസ്. സി./ഐ. സി. എസ്.സി സ്കൂളുകൾ

2335 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻ. ഒ. സി. അനുവദിച്ച സി. ബി. എസ്. സി./ഐ. സി. എസ്. സി. സ്കൂളുകളുടെ പേര് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

2336 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ പ്രഖ്യാപിച്ച അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട സര്‍ക്കാര്‍ ഉത്തരവുകളുടെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ തീരുമാനത്തിന്റെ ഭാഗമായി എത്രപേര്‍ക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാകുമെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിവിധ കോളേജുകളിലെ ഒഴിവുകൾ പി.എസ്.സി. ക്കു റിപ്പോർട്ട് ചെയ്യാൻ നടപടി

2337 ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവയിൽ എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയിൽ എത്ര ഗസ്റ്റ് അദ്ധ്യാപകർ പഠിപ്പിക്കുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഒഴിവുകൾ പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്യാത്തതു കൊണ്ടാണോ ഇപ്രകാരം ഗസ്റ്റ് അദ്ധ്യാപകർ പഠിപ്പിക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനങ്ങളിൽ സ്ഥിരനിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ഗവൺമെന്റ് കോളേജിൽ പുതിയ ഡിഗ്രി - പി. ജി. കോഴ്സുകൾ</u>

2338 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് കോളേജിൽ പൂതിയ ഡിഗ്രി - പി. ജി. കോഴ്സുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ഡിഗ്രി - പി. ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് അനുകൂല തീരുമാനം കൈക്കൊളളുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മങ്കടയിൽ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കാൻ നടപടി</u>

2339 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കടയിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കാൻ തീരുമാനമുണ്ടായിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇല്ലെങ്കിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

കാസർകോട് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ എം.ടെക് ആരംഭിക്കുന്നതിന് നടപടി

2340 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ ഏതൊക്കെ കോഴ്സുളാണുളളത്;

(ബി) ഈ കോളേജിൽ എം.ടെക് കോഴ്സ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അതുമായി ബന്ധപ്പെട്ടു സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>നാദാപുരത്ത് ആർട്സ് ആന്റ് സയൻസ് കോളേജ്</u>

2341 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലാത്ത എത്ര നിയോജക മണ്ഡലങ്ങൾ കേരളത്തിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നാദാപുരം നിയോജക മണ്ഡലത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത മണ്ഡലത്തിൽ കോളേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>എൻ. എസ്. എസ്. വാളണ്ടിയർമാർക്കുള്ള ആനുകൂല്യങ്ങൾ</u>

2342 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സംസ്ഥാന തലത്തിൽ ജേതാക്കളായിട്ടുള്ള എൻ.എസ്.എസ് വാളണ്ടിയർമാർക്ക് അർഹമായ മാർക്കിന്റെ ആനുകൂല്യം ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) കൊച്ചിൻ സർവ്വകലാശാലയുടെ അനാസ്ഥ കാരണം വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി</u>

2343 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എയ്ഡഡ് സ്കൂളുകൾ പുതുതായി അനുവദിക്കുമോ;

(സി) അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുമോ;

(ഡി) സി. ബി. എസ്. സി. ഐ. സി എസ്. സി സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഒന്നിലേറെ ബാച്ചുകൾ പുതുതായി അനുവദിക്കണമെന്ന് ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>രഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ</u>

2344 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം രണ്ടാം ഘട്ടമായി സ്കൂളുകൾ അപ് ഗ്രേഡ് ചെയ്യുന്ന നടപടി ഇപ്പോൾ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് എപ്പോൾ ഇറങ്ങുമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസ പദ്ധതികളും കേന്ദ്രസഹായവും

2345 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായത്തോടെ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇവ ഓരോന്നിനും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ലഭിച്ച കേന്ദ്രസഹായം എത്ര രൂപ വീതമെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് പരാതി ഉണ്ടോ; എങ്കിൽ പരാതിയെക്കുറിച്ച് ഇപ്പോൾ അന്വേഷണം നടന്നുവരുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കേന്ദ്രസഹായം ലഭ്യമാകുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടത്തിപ്പിൽ കൂടുതൽ സുതാര്യത കൈവരുത്തുന്നതിനും എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

2346 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എത്ര കോടി രൂപ അനുവദിച്ചു;

(ബി) കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ ഇതിനായി തുക വിനിയോഗിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ അദ്ധ്യയനവർഷം തുക വിനിയോഗിക്കാതിരുന്നതു മൂലം ഈ അദ്ധ്യയന വർഷത്തിൽ പുതിയ ഫണ്ട് അനുവദിക്കുകയുണ്ടായോ;

(ഡി) ഫണ്ട് ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം</u>

2347 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര സഹായം ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സഹായം എയ്ഡഡ് സ്കൂളുകളിലേക്കു കൂടി വ്യാപിപ്പിക്കാന്‍ തീരുമാനമായിട്ടുണ്ടോ;

(സി) എങ്കില്‍ ഏത് രീതിയിലുള്ള സഹായമാണ് ഇത്തരം വിദ്യാലയങ്ങള്‍ക്കു ലഭിക്കുകയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യം</u>

2348 ശ്രീ. സി.എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുവാനുള്ള എസ്.എസ്.എ. ഫണ്ട് ഉപയോഗിക്കുന്നതിൽ കാലതാമസം വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തുക സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകള്‍</u>

2349 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എയ്ഡഡ് സ്കൂളുകളില്‍ അടിസ്ഥാന സൗകര്യം ഒരുക്കാത്തതിന്റെ പേരില്‍ 33 മാനേജര്‍മാരെ അയോഗ്യരാക്കിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഈ വിഷയത്തിന്മേല്‍ സ്വീകരിച്ച തുടര്‍ നടപടികള്‍ എന്തൊക്കെയാണ്;

(സി) പ്രസ്തുത സ്കൂളുകള്‍ സര്‍ക്കാര്‍ ഏറ്റെടുത്ത് ആവശ്യമായ സൗകര്യമൊരുക്കാന്‍ പദ്ധതിയുണ്ടോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>വിദ്യാര്‍ത്ഥികള്‍ക്ക് നീന്തല്‍ പരിശീലനം</u>

2350 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിവിധ അപകടങ്ങളില്‍ വിദ്യാര്‍ത്ഥികള്‍ മുങ്ങിമരിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) നീന്തല്‍ വശമില്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നതിനാല്‍ വിദ്യാര്‍ത്ഥി കളെ സമ്പൂര്‍ണ്ണമായും നീന്തല്‍ പരിശീലിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പുനസംഘടന</u>

2351 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ പുനസംഘടിപ്പിച്ച് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ എന്ന പേരിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ രജിസ്ട്രേഷന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ രൂപീകരണ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും ബഹു. ഹൈക്കോടതിയെ സമിപിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പെറ്റീഷന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി ഇതുവരെ എന്തെങ്കിലും ഉത്തരവുകൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ ജില്ലാ ഓഫീസുകളുടെ പരിമിതികൾ</u>

2352

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ ജില്ലാ ഓഫീസുകളുടെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓപ്പൺ സ്കൂളിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ജില്ലാ ഓഫീസുകൾ സ്ഥാപിക്കുമോ;

(സി) ജില്ലാ കേന്ദ്രങ്ങളിലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് സ്ഥലം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ നടപടി</u>

2353 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടിയിൽ നിന്നും വേർപെടുത്തി ഒരു സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയമിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ വിദഗ്ധ സമിതിയെ നിയമിക്കാനിടയായ സാഹചര്യവും വിദഗ്ധ സമിതി അംഗങ്ങളുടെ പേര് വിവരങ്ങളും വ്യക്തമാക്കുമോ ;

(സി) ഈ വിദഗ്ധ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലെ പ്രധാന ശുപാർശകൾ എന്തൊക്കെയെന്നും ഈ റിപ്പോർട്ടിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ ഒരു സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കുന്നതിനുള്ള വിദഗ്ധ സമിതി

2354 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി. യിൽ നിന്നും വേർപെടുത്തി ഒരു സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ വിദഗ്ധ സമിതിയെ നിയമിക്കാനിടയായ സാഹചര്യവും, വിദഗ്ധ സമിതി അംഗങ്ങളുടെ പേര് വിവരവും വ്യക്തമാക്കുമോ ;

(ബി) ഈ വിദഗ്ധ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിലെ പ്രധാന ശുപാർശകൾ എന്തൊക്കെയെന്നും, ഈ റിപ്പോർട്ടിന്മേൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ</u>

2355 ശ്രീ. എസ്; ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യുക്കേഷൻ എന്ന പേരിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് വേണ്ട മെമ്മോറാണ്ടത്തിനും ചട്ടങ്ങൾക്കും മന്ത്രി സഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ ;

(സി) ഇതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഇ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ജോലി ചെയ്തുവരുന്ന എല്ലാ ജീവനക്കാരെയും, പുതിയ സൊസൈറ്റിയിലും ജോലി നില നിർത്തുന്നതിന് മെമ്മോറാണ്ടത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ പഠനം ഏകീകൃത സിലബസ്</u>

2356 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, പി.കെ. ബഷീർ
,, റ്റി.എ. അഹമ്മദ് കബീർ
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പഠനത്തിന് ഏകീകൃത സിലബസ് നടപ്പാക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ അഭിപ്രായം ശേഖരിച്ചിട്ടുണ്ടോ;

(സി) ഏകീകൃത സിലബസ് നടപ്പാക്കുന്നതുമൂലം വിദ്യാഭ്യാസ മേഖലയിൽ പ്രതികൂല പ്രശ്നങ്ങളെന്തെങ്കിലും ഉണ്ടാകാനിടയുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ഡി) ഏകീകൃത സിലബസ് നടപ്പാക്കുന്നതുമൂലം ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാധാരണക്കാരുടെ കുട്ടികൾക്ക് കൂടുതൽ പഠനാവസരം ലഭ്യമാക്കാൻ സാധിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ പാക്കേജും അദ്ധ്യാപക തസ്തികകളും</u>

2357 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 ലെ വിദ്യാർത്ഥികളുടെ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച പുതിയ വിദ്യാഭ്യാസ പാക്കേജ് അനുസരിച്ച് 2010-ലെ അദ്ധ്യാപക തസ്തികകൾ മുഴുവൻ അതേപടി എല്ലാ സ്ക്കൂളുക ളിലും നിലനിർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഫുൾടൈം ഭാഷാ തസ്തിക ഉണ്ടാക്കാൻ നിശ്ചിത എണ്ണം കുട്ടികൾ വേണമെന്ന നിബന്ധന 2010-ൽ പാലിച്ച സ്ക്കൂളുകളിൽ 2011-ലെ കണക്കെടുപ്പ് അനുസരിച്ച് നിശ്ചിത എണ്ണം വിദ്യാർത്ഥികൾ ഇല്ലെ ങ്കിൽ പുതിയ വിദ്യാഭ്യാസ പാക്കേജനുസരിച്ച് 2010 ലേത് പോലെ ഫുൾടൈം ഭാഷാദ്ധ്യാപക തസ്തികകൾ പ്രസ്തുത സ്ക്കൂളുകളിൽ നിലനിർത്തുമോ എന്ന കാര്യം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസ നിലവാരം ഉയർത്താൻ

2358 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസനിലവാരം ഉയർത്താൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) തുടർ മൂല്യനിർണ്ണയങ്ങളിൽ ക്ലാസ്സ് അദ്ധ്യാപകൻ ഭൂരിഭാഗം കുട്ടികൾക്കും 20 ൽ ഇരുപതോ പത്തൊൻപതോ മാർക്ക് നല്കുകയും ശേഷിക്കുന്ന 80 മാർക്കിന് 10 മാർക്ക് നേടുന്ന വിദ്യാർത്ഥികൾ പാസ്സാകുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്ലസ് വൺ, പ്ലസ്ടു മേഖലയിൽ ഇത്തരത്തിൽ വളരെക്കുറച്ചു മാർക്കുനേടുന്ന കുട്ടികളും പാസാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തീരെ നിലവാരം ഇല്ലാത്ത കുട്ടികൾ കൂടി 50% വരെ മാർക്കുകൾ നേടി പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കാനിടയാകുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എസ്.എസ്.എൽ.സി. പാസ്സായി ഉപരിപഠനത്തിന് പോകുന്ന കുട്ടികൾക്ക് നന്നായി എഴുതാൻ പോലും അറിയാത്ത സാഹചര്യമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എസ്.എസ്.എൽ.സി/പ്ലസ്ടു എന്നിവയിൽ 90 ശതമാനത്തിലധികം വിജയശതമാനം നൽകൽ വിപരീതഫലങ്ങൾ ഉളവാക്കുമെന്നകാര്യം പരിശോധിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

2359 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, ഡൊമനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്രം സംസ്ഥാനത്തിന് മുൻ സർക്കാരിന്റെ കാലത്ത് എന്തു തുക അനുവദിച്ചു;

(ബി) കേരളത്തിന് അനുവദിച്ച തുക ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എസ്.എസ്.എ ആവിഷ്ക്കരിക്കുകയോ നടപ്പാക്കുകയോ ചെയ്തുവോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്തായിരുന്നു;

(ഡി) ഇത് നടപ്പാക്കാത്തതുമൂലം എത്ര തുകയാണ് പാഴായിപ്പോയത്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി അനുവദിച്ച പണം</u>

2360 ശ്രീ. വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി കേന്ദ്രം അനുവദിച്ച എത്ര കോടി രൂപയാണ് മുൻ സർക്കാരിന്റെ കാലത്ത് പാഴായത്;

(ബി) എസ്.എസ്.എ. ഈ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കാത്തതിനാലാണോ ഇത് ലാപ്സായത്; എങ്കിൽ ഇതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുമോ;

(സി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം എത്ര വിദ്യാർത്ഥികളുള്ള സ്കൂളുകളിലാണ്, കായിക-കല-പ്രവൃത്തിപരിചയ വിഭാഗങ്ങളിൽ അധ്യാപകരെ നിയമിക്കുന്നത്;

(ഡി) കായികാധ്യാപകരെ 2008 മുതൽ നിയമിക്കാത്ത റവന്യൂ ജില്ലകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ആൾട്ടർനേറ്റ് സ്കൂളുകൾ</u>

2361 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദൂര വനമേഖലകളിലുള്ള അൾട്ടർനേറ്റ് സ്കൂളുകളിൽ പഠനം സുഗമമാക്കുന്നതിന് 2011-12 വർഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വനമേഖലയിലുള്ള ആൾട്ടർനേറ്റ് സ്കൂളുകളിൽ അദ്ധ്യാപകരുടെ അഭാവവും, ഉച്ചക്കഞ്ഞി നൽകാത്തതും, പഠനോപകരണങ്ങൾ നൽകാത്തതുമായ അവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആൾട്ടർനേറ്റ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലായെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ആൾട്ടർനേറ്റ് സ്കൂളുകൾക്ക് എസ്. എസ്. എ. പദ്ധതിയനുസരിച്ച് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ പാക്കേജ് പ്രകാരമുള്ള അദ്ധ്യാപക നിയമനം</u>

2362 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസ പാക്കേജിൽ അദ്ധ്യാപക ബാങ്കിൽ നിന്നു മാത്രമേ നിയമനം നടത്തൂ എന്ന് പറഞ്ഞിരുന്നു. ഇതിൽ മാറ്റം വരുത്തുവാൻ ആലേചിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മലയാള ഭാഷാ പഠനം നിർബന്ധമാക്കാൻ നടപടി</u>

2363 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, പി. തിലോത്തമൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുമതിയോടെ എത്ര സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ചില സ്കൂളുകളിലെ വിദ്യാർത്ഥികളെ മലയാളം സംസാരിച്ചതിന്റെ പേരിൽ ക്രൂരമായ പീഡനങ്ങൾക്കും സാമ്പത്തിക പിഴ ഒടുക്കലിനും മറ്റും വിധേയമാക്കുന്നതായിട്ടുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം പ്രവർത്തിച്ചുവരുന്ന സ്കൂളുകളുടെ അനുമതി (എൻ.ഒ.സി) റദ്ദ് ചെയ്യുവാൻ സർക്കാർ തയ്യാറാകുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും മാതൃഭാഷ എന്ന നിലയിൽ മലയാളം പഠിപ്പിച്ചിരിക്കണം എന്ന് കർശന നിർദ്ദേശം പുറപ്പെടുവിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ-ആരോഗ്യ പദ്ധതി</u>

2364 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ-ആരോഗ്യ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ-ആരോഗ്യ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൽ കൗമാര പ്രായക്കാരുടെ മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂൾ-ആരോഗ്യ പദ്ധതിയിൽ പ്രവർത്തിക്കുന്ന ടീമിൽ പ്രൊഫഷണൽ സോഷ്യൽ വർക്കറെ ഉൾപ്പെടുത്തുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

## സ്കൂള്‍ കുട്ടികളില്‍ 'വ്യായാമ'ത്തിന്റെ കുറവ് പരിഹരിക്കാന്‍ നടപടി

2365 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ കുട്ടികളില്‍ വ്യായാമത്തിന്റെ കുറവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകള്‍ കേന്ദ്രീകരിച്ച് ബോഡി ഫിറ്റ്നസ് സെന്ററുകള്‍/കളരികള്‍ തുടങ്ങാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സ്കൂള്‍ വാഹന അപകടത്തില്‍പ്പെട്ട് മരണപ്പെട്ട വിദ്യാര്‍ത്ഥികളുടെ വിവരം</u>

2366 **ശ്രീ.കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011 വര്‍ഷത്തില്‍ സംസ്ഥാനത്തെ വിദ്യാര്‍ത്ഥികളെ സ്കൂളുകളിലെത്തിക്കുന്ന എത്ര വാഹനങ്ങള്‍ അപകടത്തില്‍പ്പെട്ടതായി റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ഓരോ അപകടത്തിലും എത്ര കുട്ടികള്‍ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ഓരോ അപകടങ്ങള്‍ക്കുശേഷവും, ഗവണ്‍മെന്റ് നേരിട്ടും, പോലീസ് മേധാവികളും, പൊതുവിദ്യാഭ്യാസ ഡയറക്ടറും അപകടങ്ങള്‍ നിയന്ത്രിക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകര്‍പ്പുകള്‍ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

അദ്ധ്യാപക ബാങ്ക്

2367 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിട്ടയർമെന്റ്, പ്രൊമോഷൻ, ബി.ആർ.സി. ട്രെയിനർ തുടങ്ങിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടെന്നും അത്തരം ഒഴിവുകൾ അധ്യാപക ബാങ്കിൽ നിന്നും നികത്തിയാൽ മതിയെന്നുമുള്ള നിർദ്ദേശം വിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനത്തിന് ഇടയാക്കുന്നതല്ലേ;

(ബി) അധ്യാപകനിയമനത്തിന് യോഗ്യത നേടിയവരും റാങ്ക് ലിസ്റ്റിൽ നിയമനം കാത്ത് കിടക്കുകയും ചെയ്യുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ ഇല്ലാതാക്കുന്ന അധ്യാപക ബാങ്ക് എന്ന നിർദ്ദേശം തള്ളിക്കളയാൻ സർക്കാർ തയ്യാറാകുമോ;

(സി) അധ്യാപകരുടെ ജോലി നഷ്ടപ്പെടാതിരിക്കാനും പുതിയ നിയമനങ്ങൾ തടസ്സപ്പെടാതിരിക്കാനും ഉതകുംവിധം അധ്യാപക-വിദ്യാർത്ഥി അനുപാതം പുന:ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ടീച്ചേഴ്സ് ബാങ്കിൽ നിന്ന് നിയമനം</u>

2368 ശ്രീ.വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1997 ന് ശേഷം തൊഴിൽ നഷ്ടപ്പെട്ട അദ്ധ്യാപകരേയും സംരക്ഷിത അദ്ധ്യാപകരേയും ഉൾപ്പെടുത്തി ടീച്ചേഴ്സ് ബാങ്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1;45 ൽ നിന്നും 1;30 ആയി കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുകയാണെങ്കിൽ തത്ഫലമായി സൃഷ്ടിക്കപ്പെടുന്ന തസ്തികളിൽ ടീച്ചേഴ്സ് ബാങ്കിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പദവി</u>

2369 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് ന്യൂനപക്ഷ പദവി ലഭിച്ചിട്ടുണ്ട്;

(ബി) ന്യൂനപക്ഷ പദവി ലഭിച്ച സ്കൂളുകളുടെ മാനേജുമെന്റുകൾക്ക് മറ്റ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം അവകാശമാണ് ലഭിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ഉച്ചഭക്ഷണ പരിപാടി</u>

2370 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി കൂടുതൽ വിഭവ സമൃദ്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരിപാടിയ്ക്ക് നൽകുന്ന കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ്

2371 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ

(ബി) സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ കൂലി ഇപ്പോൾ എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്കൂളുകൾക്ക് കേന്ദ്രീകൃത പാചകപ്പുര ഏർപ്പടുത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ:

(ഡി) കുട്ടികൾക്കുളള ആഹാരം പോഷകസമൃദ്ധമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ബാബു പോൾ കമ്മറ്റി റിപ്പോർട്ട്</u>

2372 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സിലെ ചരിത്രപാഠപുസ്തകം വിലയിരുത്തുന്നതിന് നിയോഗിക്കപ്പെട്ട ബാബുപോൾ കമ്മിറ്റിയുടെ പ്രധാനപ്പെട്ട കണ്ടെത്തലുകളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾകൈക്കൊണ്ടുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>എകാദ്ധ്യാപക സ്കൂളുകൾ</u>

2373 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദൂര വനമേഖലകളിൽ പ്രവർത്തിക്കുന്ന എകാദ്ധ്യാപക സ്കൂളുകൾ നിർത്തലാക്കിയതിലൂടെ എത്ര ആദിവാസി കുട്ടികൾക്ക് പഠനം മുടങ്ങിയെന്ന് വ്യക്തമാക്കുമോ ; ഇപ്രകാരം നിർത്തലാക്കിയ സ്കൂളുകളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സ്കൂളുകൾ തറന്നു പ്രവർത്തിച്ച് ആദിവാസി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കാൻ സർക്കാർ തയ്യാറാകുമോ ;

(സി) പത്താം പദ്ധതിയിൽ 729 കോടി രൂപ പ്രാഥമിക വിദ്യാഭ്യാസത്തിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടും, എസ്.എസ്.എ. പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കാത്ത കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വഞ്ചിപ്പാട്ട് മത്സര ഇനമായി അംഗീകരിക്കുന്നതിന് നടപടി</u>

2374 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വഞ്ചിപ്പാട്ട് ഒരു മത്സര ഇനമായി സ്കൂൾ, യൂണിവേഴ്സിറ്റി കലോത്സവങ്ങളിലും കേരളോത്സവം തുടങ്ങിയ വേദികളിലും അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

പാഠപുസ്തകങ്ങള്‍ തയ്യാറാക്കുന്നതില്‍ വന്നിട്ടുള്ള വീഴ്ചകള്‍ അന്വേഷിക്കുന്നതിനുള്ള നടപടി

2375

ശ്രീ. ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളില്‍ ഒന്നു മുതല്‍ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളില്‍ പാഠപുസ്തകങ്ങള്‍ തയ്യാറാക്കുന്നതില്‍ കഴിഞ്ഞ അഞ്ചുവര്‍ഷക്കാലം ഗുരുതരമായ വീഴ്ചകള്‍ സംഭവിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തുമോ;

(ബി) 2010-ല്‍ പത്താം ക്ലാസിലെ മലയാള പാഠപുസ്തക നിര്‍മ്മാണവുമായി ബന്ധപ്പെട്ട സമിതിയില്‍ അംഗങ്ങളായ അദ്ധ്യാപകരെ ശില്പശാല നടത്തിയപ്പോള്‍ മാറ്റി നിര്‍ത്തിയതിനെത്തുടര്‍ന്ന് പാഠപുസ്തക നിര്‍മ്മാണ സമിതിയില്‍ അംഗങ്ങളായ അദ്ധ്യാപകരുടെ രാജിയെക്കുറിച്ച് അന്വേഷണം നടത്തുമോ;

(സി) പാഠപുസ്തക നിര്‍മ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള മലയാളം ഉള്‍പ്പെടെയുള്ള വിഭാഗങ്ങളിലെ ഫാക്കല്‍റ്റികളെ മാറ്റി പുതിയ ഫാക്കല്‍റ്റികളെ നിയമിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിൽ പ്രവർത്തിച്ചിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

2376 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പ്രവർത്തിച്ചിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഗവൺമെന്റ് ഏറ്റെടുത്തത് അതേപടി നിലനിർത്താൻ ഈ സർക്കാർ സന്നദ്ധമാണോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രമോഷനും, മറ്റ് ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് സ്ഥലംമാറ്റവും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് സ്കൂളുകളിലെ നിയമനം</u>

2377 ശ്രീ. ബെന്നി ബെഹനാന്‍
,, ഹൈബി ഈഡന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് സ്കൂളിലെ നിയമനം സര്‍ക്കാര്‍ ഏടെടുത്തിട്ടുണ്ടോ ;

(ബി) ഏറ്റെടുത്തിട്ടുണ്ടെങ്കില്‍ പഞ്ചായത്ത് സ്കൂളിലെ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പഞ്ചായത്ത് സ്കൂളിലെ അദ്ധ്യാപകരുടെ പ്രോവിഡന്റ് ഫണ്ട് കൈകാര്യം ചെയ്യുന്ന, ഡി.ഡി.ഇ ആഫീസില്‍ നിന്നും അക്കൗണ്ട് ജനറല്‍ ഓഫീസിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

2378 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി. യിൽ നിന്നും വേർപ്പെടുത്തി സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യുക്കേഷൻ എന്ന പേരിൽ ഒരു സ്വയംഭരണ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ അടിസ്ഥാനമാക്കിയാണ് ഈ തീരുമാനം കൈക്കൊണ്ടതെന്നും ഇതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും, ഈ നടപടിക്രമങ്ങൾ ആരംഭിച്ചത് എന്നു മുതലാണെന്നും വ്യക്തമാക്കുമോ ;

(സി) സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യുക്കേഷൻ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ മെമ്മോറാണ്ടത്തിനും ചട്ടങ്ങൾക്കും മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും ഇതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയോ എന്നും, ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഇ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ജോലി ചെയ്തു വരുന്ന എല്ലാ ജീവനക്കാരെയും പുതിയ സൊസൈറ്റിയിലും നിലനിറുത്തുന്നതിന് മെമ്മോറാണ്ടത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ</u>

2379

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി. യിൽ നിന്നും വേർപെടുത്തി സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ എന്ന പേരിൽ ഒരു സ്വയംഭരണ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും ഈ നടപടികൾ ആരംഭിച്ചത് എന്നു മുതലാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിഷൻ 2013

2380 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ്‌വൺ, പ്ലസ്‌ടു വിദ്യാർത്ഥികൾക്ക് വിഷൻ 2013 എന്ന പദ്ധതി പ്രകാരം സൗജന്യ എൻട്രൻസ് കോച്ചിംഗ് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് സംബന്ധിച്ച്</u>

2381 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രമാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് കേരളത്തിൽ നിന്ന് എത്ര കുട്ടികൾ അർഹതനേടിയിട്ടുണ്ട് ; എന്ന് മുതലാണ് പ്രസ്തുത സ്കോളർഷിപ്പ് ആരംഭിച്ചത് ;

(ബി) ഓരോ വർഷവും സ്കോളർഷിപ്പ് ലഭിച്ചവരുടെ എണ്ണം അറിയിക്കാമോ ; വർഷം എത്ര രൂപയാണ് സ്കോളർഷിപ്പ് തുകയായി നല്കുന്നത് ;

(സി) കഴിഞ്ഞ 2 ഗഡു സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യാതിരുന്നത് എന്നറിയിക്കാമോ ; ഏത് വർഷത്തെ തുകയാണ് അവസാനമായി വിതരണം ചെയ്തത് ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്ന് സ്കോളർഷിപ്പ് വിതരണം ചെയ്യാനുള്ള തുക കൃത്യമായി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക ലഭിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(ഇ) മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്രസഹായത്തിനായി ദൽഹി സന്ദർശനം നടത്തിയ അവസരത്തിൽ പ്രസ്തുത സ്കോളർഷിപ്പ് തുക നേടിയെടുക്കാൻ എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ. സ്കൂളുകൾക്ക് എൻ. ഒ. സി.</u>

2382 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി. ബി. എസ്. ഇ. സ്കൂളുകൾക്ക് എൻ. ഒ. സി. നൽകുന്നതിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) എൻ. ഒ. സി. ലഭിക്കുന്നതിലേയ്ക്ക് എത്ര സ്കൂളുകളുടെ അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) എൻ. ഒ. സി. നൽകുന്നതിലേയ്ക്ക് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

സി. ബി. എസ്. സി. സ്കൂളുകൾക്ക് എൻ. ഒ. സി.

2383 ശ്രീ. എ. പ്രദീപ്കുമാർ
,, ആർ. രാജേഷ്
,, കെ. വി. അബ്ദുൾ ഖാദർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സി. ബി. എസ്. ഇ. സ്കൂളുകൾക്ക് എൻ. ഒ. സി. കൊടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്കൂളുകൾക്ക് ഏതെല്ലാം ജില്ലകളിൽ;

(ബി) സ്കൂളുകളെ തിരഞ്ഞെടുത്ത മാനദണ്ഡം എന്തായിരുന്നു; അവശേഷിക്കുന്ന അപേക്ഷകൾ എത്ര;

(സി) എൻ. ഒ. സി. യുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാം ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങളിലെ തിരുത്തൽ

2384 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
,, മഞ്ഞളാംകുഴി അലി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് രജിസ്ട്രേഷൻ നടത്തുന്നതിനുമുമ്പ് വിദ്യാർത്ഥിയുടെ അഡ്മിഷൻ രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അധികാരം ആർക്കൊക്കെയാണ് നല്കിയിട്ടുള്ളത്;

(ബി) ഇതിനായി ഓരോന്നിനും ഹാജരാക്കേണ്ട രേഖകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(സി) അഡ്മിഷൻ രജിസ്റ്ററിലെ മേൽവിലാസത്തിൽ മാറ്റമുണ്ടെങ്കിൽ അത് രജിസ്ട്രേഷനുമുമ്പ് തിരുത്തി നല്കുന്നതിന് ഇപ്പോൾ അധികാരപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; ഹാജരാക്കേണ്ട രേഖ ഏതാണ്;

(ഡി) മേൽവിലാസം തിരുത്താനുള്ള അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് രേഖകളുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തുന്നതിന് അതത് ഹെഡ് മാസ്റ്റർമാർക്ക് അധികാരം നല്കി നടപടിക്രമം ലഘൂകരിച്ച് അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഐ. ഇ. ഡി. എസ്. അദ്ധ്യാപികമാര്‍ക്ക് പ്രസവാവധി

2385 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. ഇ. ഡി. എസ്. എസ്. -നു കീഴില്‍ എത്ര റിസോഴ്സ് അദ്ധ്യാപകരാണ് നിലവിലുള്ളത്;

(ബി) എസ്. എസ്. എ.യ്ക്കു കീഴില്‍ എത്ര റിസോഴ്സ് അദ്ധ്യാപകരാണ് നിലവിലുള്ളത്;

(സി) ഈ രണ്ടു സംവിധാനത്തിലും പ്രവര്‍ത്തിക്കുന്ന അദ്ധ്യാപകരുടെ സേവന വ്യവസ്ഥയും ആനുകൂല്യങ്ങളും സമാനമാണോ;

(ഡി) എങ്കില്‍ എസ്. എസ്. എ.യ്ക്കു കീഴിലുള്ള റിസോഴ്സ് അദ്ധ്യാപകര്‍ക്ക് ലഭിക്കുന്ന പ്രസവാവധി ഐ. ഇ. ഡി. എസ്. എസ്. -നു കീഴിലുള്ള അദ്ധ്യാപകര്‍ക്ക് ലഭിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കില്‍ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇവര്‍ക്കുകൂടി പ്രസവാവധി നല്‍കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>നാഷണല്‍ മെറിറ്റ്-കം-മീന്‍സ്</u>

2386 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാഷണല്‍ മെറിറ്റ് - കം - മീന്‍സ് സ്കോളര്‍ഷിപ്പ് തൃശ്ശൂര്‍ ജില്ലയില്‍ 2009-2010 വര്‍ഷത്തില്‍ എത്ര വിദ്യാര്‍ത്ഥികള്‍ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂര്‍ ജില്ലയില്‍ 2008-09 വര്‍ഷത്തില്‍ പ്രസ്തുത സ്കോളര്‍ഷിപ്പിന് അര്‍ഹരായ വിദ്യാര്‍ത്ഥികള്‍ക്ക് ഇതുവരെയും തുക ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ആയത് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ഷിഫ്റ്റ് സമ്പ്രദായം</u>

2387 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര സർക്കാർ സ്കൂളുകളിൽ ഇപ്പോൾ ഷിഫ്റ്റ് സമ്പ്രദായം നിലവിലുണ്ട്;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ബന്ധപ്പെട്ട സ്കൂളുകളിൽ ഉണ്ടാക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ;

(ഡി) എസ്.എസ്.എ. ഫണ്ട് ഇക്കാര്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

2388 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ മേഖലയിലെ വിദ്യാലയങ്ങളിൽനിന്നും വിദ്യാർത്ഥികൾ കൊഴിഞ്ഞ് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ: ഇതുസംബന്ധിച്ച് വിശദീകരണം നല്കാമോ:

(ബി) പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദീകരിക്കാമോ;

(സി) സംസ്ഥാനത്തെ ഹയർസെക്കണ്ടറി അധ്യാപക തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് വിദ്യാർത്ഥികളെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ഡി) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിഭാഗം അധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനായി എൽ. പി. യു. പി., ഹൈസ്കൂൾ വിഭാഗത്തിലെ നിർദ്ദിഷ്ടയോഗ്യതയുള്ളവരെ പ്രമോഷൻ നൽകി നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ആയതിലേയ്ക്ക് എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് സ്വീകരിചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഹൈസ്കൂൾ വിഭാഗ അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 9-ാം ക്ലാസ്സുമുതൽ 12-ാം ക്ലാസ്സുവരെയുള്ള വിഭാഗം സംയോജിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മദ്രസാ വിദ്യാഭ്യാസം ആധുനികവത്കരിക്കുന്നതിന് പദ്ധതി</u>

2389 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസാ വിദ്യാഭ്യാസം ആധുനികവത്കരിക്കുന്നതിനുള്ള പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) അർഹമായ കൂടുതൽ മദ്രസ്സകളിലേക്കുകൂടി പദ്ധതി വ്യാപിപ്പിക്കാൻ എന്തു നടപടിയാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഗേൾസ് സ്കൂളിലെ പ്രാഥമിക സൗകര്യങ്ങൾ

2390

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ / ഹയർ സെക്കന്ററി സ്കൂൾ എന്നിവയിലെല്ലാം ടോയ്‌ലറ്റ് സൗകര്യം പൂർണ്ണമായി ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിദ്യാലയങ്ങളിൽ ടോയ്‌ലറ്റ് സജ്ജീകരിക്കാൻ നടപടി

2391 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ഒരു സ്കൂളിന് ടോയ്‌ലറ്റ് സജ്ജീകരിക്കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) എല്ലാ സ്കൂളുകളിലും ടോയ്‌ലെറ്റും ശുദ്ധജല വിതരണവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കേൾവി പ്രശ്നമുള്ള കുട്ടികൾക്കുള്ള പാഠ പുസ്തകങ്ങൾ</u>

2392 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേൾവി പ്രശ്നമുള്ള കുട്ടികൾക്കായി (ഹിയറിംഗ് ഇംപയേർഡ്) മാറിയ പാഠപുസ്തകങ്ങൾ ഒരു മാസത്തിനകം ശാസ്ത്രീയമായി തയ്യാറാക്കി അഡാപ്റ്റ് ചെയ്ത് ഇറക്കേണ്ടതാണ് എന്നിരിക്കെ ഈ അക്കാദമിക വർഷം പത്താം ക്ലാസിൽ മാറിയ പാഠപുസ്തകങ്ങൾ ഇത്തരത്തിൽ മാറ്റം വരുത്തി നൽകിയിട്ടില്ല എന്ന പരാതി ശരിയാണോ എന്ന് വ്യക്തമാക്കുമോ ;

(ബി) ശരിയാണെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ; ഇക്കാര്യം അടിയന്തിരമായി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സർക്കാർ കോളേജുകളിലെ ഡിഗ്രി, പി.ജി. കോഴ്സുകൾ</u>

2393 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ ഡിഗ്രി / പി.ജി കോഴ്സുകൾ അനുവദിക്കുന്നത് വളരെ പരിമിതമാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അതത് പ്രദേശത്തുള്ള കോളേജുകളിൽ കൂടുതൽ കോഴ്സ് അനുവദിക്കാത്തതുകൊണ്ട് പാവപ്പെട്ടവരുടെയും, ഇടത്തരക്കാരുടെയും മക്കൾക്ക് ഉന്നതവിദ്യാഭ്യാസം നേടാൻ കഴിയാത്ത അവസ്ഥ പരിശോധിക്കുമോ;

(സി) ഡിഗ്രി, പി.ജി. കോഴ്സുകളും ജോലിസാധ്യതയുള്ള മറ്റ് പുതിയ കോഴ്സുകളും അനുവദിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഇടിഞ്ഞുവീഴാറായ സ്കൂൾ കെട്ടിടങ്ങൾ

2394 ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതികൂല പ്രകൃതി സാഹചര്യങ്ങൾ കാരണം ഈ അദ്ധ്യയന വർഷം കുട്ടികളെ ഇരുത്തി പഠിപ്പിക്കുവാൻ കഴിയാത്ത എത്ര സർക്കാർ സ്കൂൾ കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അത്തരം കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ</u>

2395 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കുകളിലെ തെറ്റുതിരുത്തൽ, ജനനത്തീയതി തിരുത്തൽ, ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക്, ജാതി തിരുത്ത്, പേരിലെ തിരുത്ത് തുടങ്ങി വിവിധ വിഭാഗങ്ങളിലായി എത്ര അപേക്ഷകളാണ് പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്നതെന്ന് ഓരോ വിഭാഗത്തിന്റെയും ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ വിഭാഗത്തിലും ഏത് തീയതി മുതലുള്ളവയാണ് ഇങ്ങനെ കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ലഭിക്കുന്ന അപേക്ഷകൾ ഒരാഴ്ചയ്ക്കകം തീർപ്പാക്കാൻ കഴിയുംവിധവും കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദേശങ്ങളിലേയ്ക്ക് പോകേണ്ടവരുടെ അപേക്ഷകളിൽ അടിയന്തിര തീർപ്പ് കൽപ്പിക്കാനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഒരു അപേക്ഷ തീർപ്പാക്കുന്നതിന് എത്ര സമയമാണ് സാധാരണയായി ഇപ്പോൾ എടുക്കുന്നത്;

(ഇ) ഈ വിഭാഗത്തിൽ കൂടുതൽ പേരെ പ്രത്യേകമായി അനുവദിച്ച് ഡിസംബർ മാസത്തിനു മുമ്പ് മുഴുവൻ അപേക്ഷകളും തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) എസ്.എസ്.എൽ.സി. പരീക്ഷയുമായി ബന്ധപ്പെട്ട ജോലികൾ നടക്കുമ്പോഴും ഈ വിഭാഗത്തിലെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ തുടർന്നും ഇതേ ജോലിയിൽ തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാരിന്റെ അംഗീകാരമില്ലാത്ത കോഴ്സുകള്‍</u>

2396 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സര്‍ക്കാരിന്റെയോ, നിയമപരമായ സംരക്ഷണമുള്ള ഏജന്‍സികളുടെയോ അംഗീകാരമില്ലാതെ എല്‍.കെ.ജി. മുതല്‍ പ്രൊഫഷണല്‍ കോഴ്സുകള്‍ വരെയുള്ള വിവിധകോഴ്സുകള്‍ അനധികൃതമായി നടത്തുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങള്‍ നടത്തുന്നുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ :

(സി) ഈ അനധികൃത സ്ഥാപനങ്ങളെ നിയന്ത്രിക്കാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കില്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ്</u>

2397 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽ സർക്കാരിന് നിയന്ത്രണം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവസാനമായി ഇത് സംബന്ധിച്ച് എന്നാണ് ഉത്തരവിറക്കിയത് ;

(സി) പല അൺ എയ്ഡഡ് സ്കൂളുകളും അമിതമായി ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിദ്യാർത്ഥികളിൽ നിന്നും അമിതഫീസ് ഈടാക്കുന്ന അൺ എയ്ഡഡ് മാനേജ്മെന്റുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അധിക തസ്തികകളിൽ നിയമനം</u>

2398 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുമ്പോൾ ഉണ്ടാകുന്ന അധിക തസ്തികകളിൽ ഏതു മാനദണ്ഡ പ്രകാരമാണ് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) അധിക ഒഴിവുകളിൽ അതത് സ്കൂളിൽ നിന്ന് ജോലി നഷ്ടപ്പെട്ട് പുറത്തുപോയ അദ്ധ്യാപകരെയാണോ നിയമിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) സർക്കാർ സ്കൂളുകളിലേക്ക് പാക്കേജിന്റെ ഭാഗമായി എയ്ഡഡ് അദ്ധ്യാപകരെ നിയമിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളിലെ പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ഉത്സവ ബത്ത</u>

2399 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിലെ പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഉത്സവ ബത്ത അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്ര രൂപാ വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യം സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പ്രീ പ്രൈമറി അദ്ധ്യാപകർക്കും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ പ്രീ പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഉത്സവ ബത്ത അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

അദ്ധ്യാപകരായ ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ

2400 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകൾ അദ്ധ്യാപകരിൽ എത്ര പേരാണ് ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ അഭാവത്തിൽ അദ്ധ്യാപനത്തിനായി സ്കൂളുകളിൽ എന്തൊക്കെ സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പകരം താത്ക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെങ്കിൽ അവരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ടെസ്റ്റ് ബുക്ക് കോ-ഓർഡിനേറ്റർ തസ്തിക</u>

2401 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ടെസ്റ്റ് ബുക്ക് ആഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുവാൻ അർഹരായവർ നിരവധി ഉണ്ടെങ്കിലും പ്രൊമോഷൻ നൽകാതെ ടെസ്റ്റ് ബുക്ക് കോ-ഓർഡിനേറ്റർ എന്ന തസ്തിക സൃഷ്ടിച്ച് അതേ ശമ്പളം നൽകി റിട്ടയർ ചെയ്ത ഉദ്യോഗസ്ഥനെ പുസ്തക വിതരണത്തിനായി നിയമിച്ചത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വിദ്യാഭ്യാസ വകുപ്പിൽ ഈ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കേണ്ട ഉദ്യോഗസ്ഥർ ആരൊക്കെ എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി ജില്ലാതല ഓഫീസ്</u>

2402 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കണ്ടറി വിഭാഗത്തിന് ജില്ലാ തല ഓഫീസ് നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ജില്ലാതലത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിന് നട പടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഓപ്പൺ സ്ക്കൂൾ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം

2403 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി ഓപ്പൺ സ്ക്കൂളുകളിലെ ഗസ്റ്റ് ഫാക്കൽറ്റിയായി പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് വേതനം കൃത്യമായി നല്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ മുൻ അക്കാദമിക് വർഷങ്ങളിൽ പഠിപ്പിച്ച എത്ര അദ്ധ്യാപകർക്ക് ഇനിയും വേതനം ലഭിക്കാനുണ്ടെന്ന് അറിയിക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ ചാല ഗവൺമെന്റ് തമിഴ് സ്ക്കൂളിൽ ഓപ്പൺ സ്ക്കൂൾ ഫാക്കൽറ്റിയായി പഠിപ്പിച്ചിരുന്ന എത്ര അദ്ധ്യാപകർക്ക് ഇനിയും വേതനം നല്കാനുണ്ട് ;

(ഡി) ഇവർക്ക് എത്രയും വേഗം വേതനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പ്ലസ് ടു പഠനം</u>

2404 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008-2009 ൽ പ്ലസ് ടു പഠനം പൂർത്തീകരിച്ചതും എന്നാൽ മൂന്നിൽ കൂടുതൽ വിഷയങ്ങൾ പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള വിദ്യാഭ്യാസ നയം അനുസരിച്ച് ഒരു വർഷം മൂന്നു വിഷയങ്ങൾ മാത്രമേ എഴുതാവൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഒരു വർഷം കൊണ്ട് തന്നെ എല്ലാ പരീക്ഷകളും എഴുതാൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ അടിയന്തിര നിർദ്ദേശം നൽകുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി വാർഷിക പരീക്ഷാ ചോദ്യപേപ്പറുകൾ</u>

2405 ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഹയർ സെക്കണ്ടറി വാർഷിക പരീക്ഷാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് ഹയർ സെക്കണ്ടറി അദ്ധ്യാപകരെ കൂടാതെ മറ്റ് ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ട് ;

(ബി) ഹയർ സെക്കണ്ടറി തലങ്ങളിലെ വാർഷിക പരിക്ഷയ്ക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) ചോദ്യപേപ്പറുകൾ തയ്യാറാക്കുമ്പോൾ പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

**<u>ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണത്തിലെ അപാകതകൾ</u>**

2406 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകർക്ക് അഞ്ചു വർഷം തികയുന്ന മുറയ്ക്ക് സീനിയർ അദ്ധ്യാപകരായി പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഹയർ സെക്കന്ററി മേഖലയിലെ അധ്യയന ദിനങ്ങൾ മറ്റ് വിഭാഗങ്ങളുടേതുമായി തുല്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പുതിയ ഹയർ സെക്കന്ററി ബാച്ചുകൾ</u>

2407 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ അഡ്മിഷൻ പൂർത്തിയായോ;

(ബി) ഹയർ സെക്കണ്ടറിക്ക് ഏതെല്ലാം ജില്ലകളിലാണ് അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾ കൂടുതലുള്ളത്;

(സി) അഡ്മിഷൻ ലഭിക്കാത്ത കുട്ടികളുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് ഹയര്‍ സെക്കണ്ടറി സ്കൂളുകളിലെ പ്രിന്‍സിപ്പല്‍ തസ്തിക</u>

2408 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവണ്‍മെന്റ് ഹയര്‍ സെക്കണ്ടറി സ്കൂളുകളില്‍ പ്രിന്‍സിപ്പല്‍ തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളില്‍ അടിയന്തിരമായി പ്രിന്‍സിപ്പല്‍മാരെ നിയമിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പുതിയ ക്ലാസ് റൂമുകള്‍</u>

2409 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പുതിയതായി ഹയര്‍ സെക്കന്ററി തലത്തില്‍ അഡീഷണല്‍ ബാച്ചുകള്‍ അനുവദിച്ചതിന്റെ ഭാഗമായി പുതിയ ക്ലാസ് റൂമുകള്‍ നിര്‍മ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അംഗീകാരം ലഭിക്കാത്ത വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ</u>

2410 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി നടത്തുന്ന കോഴ്സുകളിൽ അംഗീകാരം ലഭിക്കാത്ത കോഴ്സുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത കോഴ്സുകൾക്ക് പി.എസ്.സി.യുടെ അംഗീകാരം ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോഴ്സുകൾ യോഗ്യതയായി അംഗീകരിച്ച് ബന്ധപ്പെട്ട വകുപ്പുകൾ, ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനും കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ലാബ് അസിസ്റ്റന്റ്മാർക്ക് നിയമനാംഗീകാരവും ശമ്പളവും</u>

2411 ഡോ. എൻ. ജയരാജ്
ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിതരായ ലാബ് അസിസ്റ്റന്റുമാർക്ക് 1999 മുതൽ 28.3.2003 വരെയുള്ള നിയമന അംഗീകാരവും ശമ്പളവും നാളിതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ സംഭവിക്കുവാൻ ഇടയാക്കിയ സാഹചര്യങ്ങളും കാരണങ്ങളും വിശദമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിലുളളവർക്ക് നിയമനാംഗീകാരവും ശമ്പളവും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി കോഴ്സുകൾ</u>

2412

ശ്രീ. സി. കെ. നാണു
,, മാത്യു ടി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി കോഴ്സുകൾക്കു വേണ്ടിയുള്ള പ്രവേശനത്തിന് ഈ അധ്യയന വർഷത്തിൽ എത്ര പേർ അപേക്ഷ നൽകിയിരുന്നു;

(ബി) അവരിൽ എത്ര പേർക്ക് പ്രവേശനം നൽകാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഹയർ സെക്കണ്ടറി കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാത്തവരുടെ തുടർവിദ്യാഭ്യാസത്തിന് എന്തു സംവിധാനമാണ് നിലവിൽ ഉള്ളത്; അതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പ്ലസ് ടൂ കോഴ്സുകൾ</u>

2413 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്ലസ് ടു/വി.എച്ച്.എസ്.സി സ്കൂളുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടു / വി.എച്ച്.എസ്.സി. കോഴ്സുകൾ ആരംഭിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

## ലാബ് അസിസ്റ്റന്റ് നിയമനം

2414

ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ ബൈട്രാൻസ്ഫർ വഴി ലാബ് അസിസ്റ്റന്റ് നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള നിയമനത്തിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ലാബ് അസിസ്റ്റന്റ് നിയമനത്തിന് പ്രത്യേക പരീക്ഷകൾ നിലവിലുണ്ടോ; എങ്കിൽ ഇപ്രകാരം നിയമനത്തിന് പരീക്ഷ ബാധകമാക്കിയത് എന്നാണ്;

(ഡി) ഹയർ സെക്കണ്ടറി സംവിധാനം നിലവിൽ വന്നതിനു ശേഷം എത്ര തവണ ലാബ് അസിസ്റ്റന്റ് തസ്തികയിൽ പരീക്ഷ നടത്തിയെന്ന് അറിയിക്കുമോ;

(ഇ) ഇപ്രകാരം പരീക്ഷ ഏർപ്പെടുത്തുന്നതിനു മുൻപ് പ്രസ്തുത തസ്തികയിൽ നിയമനം ലഭിച്ചവരും എഴുത്തു പരീക്ഷയ്ക്ക് വിധേയരാകേണ്ടതുണ്ടോ;

(എഫ്) അൻപതു വയസ്സു കഴിഞ്ഞ ലാബ് അസിസ്റ്റന്റുമാരെ പ്രസ്തുത പരീക്ഷയിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

പ്രിൻസിപ്പൽമാരുടെ പ്രമോഷൻ

2415 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രിൻസിപ്പൽമാരുടെ പ്രമോഷന് വേണ്ടി ഇന്റർഗ്രേറ്റഡ് സീനിയോറിറ്റി കോളജ് ലിസ്റ്റ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് തയ്യാറാക്കിയത് എപ്പോഴാണ്;

(ബി) പ്രസ്തുത ലിസ്റ്റിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

**എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാൻ നടപടി**

2416 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ നിയമിച്ച അദ്ധ്യാപകർക്ക് ശമ്പളം കിട്ടാത്തവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ താല്കാലിക നിയമനം</u>

2417 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1999 മുതൽ 2011 വരെയുള്ള വർഷങ്ങളിൽ ഹയർ സെക്കണ്ടറി കോഴ്സിന് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം സ്ഥിരം, ഡെപ്യൂട്ടേഷൻ, കരാർ, ദിവസക്കൂലി എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ:

(സി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിലവിലുള്ള താല്ക്കാലിക ജീവനക്കാരെ നിയമിച്ചപ്പോൾ എന്തെങ്കിലും നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്താണ്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ കരാർ നിയമനങ്ങളുടെ കാലാവധി എന്ന് പൂർത്തിയാകും;

(ഡി) നിയമനത്തിന്റെ ഭാഗമായി ജീവനക്കാരുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ഈ കരാർ പ്രകാരമുള്ള കാലാവധി എന്ന് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പരീക്ഷാ ടൈംടേബിൾ പുനഃക്രമീകരണം</u>

2418 ഡോ: കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മാർച്ച് മാസത്തിൽ നടന്ന പ്ലസ് വൺ പരീക്ഷയുടെ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്കുവേണ്ടിയുള്ള ടൈംടേബിളിൽ ഹ്യുമാനിറ്റിസ് ഗ്രൂപ്പിൽ ഒരു ദിവസം രണ്ട് പരീക്ഷ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിഷയങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇവ ഓരോന്നും വ്യത്യസ്ത ദിവസങ്ങളിലാക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ</u>
<u>പൊതുസ്ഥലം മാറ്റം</u>

2419 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, കുഞ്ഞമ്മത് മാസ്റ്റർ
,, വി.ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഇക്കൊല്ലത്തെ (2011-12) പൊതുസ്ഥലം മാറ്റം നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പൊതുസ്ഥലംമാറ്റത്തിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് ലംഘിച്ചുകൊണ്ട് എത്ര സ്ഥലമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി;

(സി) ഓൺലൈനിലൂടെയുള്ള പൊതുസ്ഥലംമാറ്റം നടക്കുന്നതിനുള്ള കാലതാമസം എന്താണ് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ</u>

2420 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട് ;

(ബി) പത്ത് പഞ്ചായത്തുകൾ ഉള്ള മലയോര മേഖലയായ നാദാപുരത്ത് വൊക്കെഷണൽ ഹയർ സെക്കണ്ടറി സ്കൂൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

പ്ലസ് ടു കോഴ്സ് ആരംഭിക്കണമെന്ന ആവശ്യം

2421 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ചെറുന്നിയൂർ എച്ച്.. എസ്, നെടുംപറമ്പ് എച്ച്. എസ് (നഗരൂർ), പുളിമാത്ത് പഞ്ചായത്തിലെ കൊടുവഴന്നൂർ എച്ച്. എസ് , ദേവസ്വം ബോർഡ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഈ വിഷയത്തിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കോതമംഗലം താലൂക്കിൽ പ്ലസ് ടു കോഴ്സ് നിലവിലില്ലാത്ത പഞ്ചായത്തുകൾ</u>

2422 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ പ്ലസ് ടു കോഴ്സ് നിലവിലില്ലാത്ത ഏതെല്ലാം പഞ്ചായത്തുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ പഞ്ചായത്തുകളിൽ പ്ലസ് ടു കോഴ്സ് സർക്കാർ/എയിഡഡ് മേഖലയിൽ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

എല്ലാ ഗ്രാമപഞ്ചായത്തിലും ഹയർ സെക്കന്ററി സ്കൂൾ

2423 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തിലും ഹയർ സെക്കന്ററിസ്കൂൾ എന്നതത്വം പുന്നപ്ര വടക്ക്, അമ്പലപ്പുഴ വടക്ക് എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രാവർത്തികമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുന്നപ്ര പറവൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഹൈസ്കൂളിൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററിയിൽ അഡീഷണൽ ബാച്ച്</u>

2424 ശ്രീ. എ.എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററിയിൽ ഈ വർഷം അഡീഷണൽ ബാച്ച് അനുവദിച്ചതിന്റെ മാനദണ്ഡമെന്തായിരുന്നു ;

(ബി) കൊല്ലം, ആലപ്പുഴ ജില്ലകളിൽ എത്ര സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിക്കുകയുണ്ടായി ; എയ്ഡഡ് സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിച്ചതിന്റെ ഭാഗമായി പുതിയ തസ്തികകൾ ഉണ്ടാകുമോ; എങ്കിൽ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

വൈക്കം നിയോജകമണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾ

2425 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഈ വർഷം ഏതെങ്കിലും സ്കൂളിൽ (ഗവൺമെന്റ്/എയ്ഡഡ്) ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ പുതിയ ബാച്ചുകളോ കോഴ്സുകളോ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കുന്നതിന് നടപടി</u>

2426

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എന്നു മുതൽ ക്ലാസ്സുകൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക ബാങ്ക്</u>

2427 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ അദ്ധ്യാപക ബാങ്കിൽ എത്ര അദ്ധ്യാപകർ ഉണ്ട്;

(ബി) ഈ അദ്ധ്യാപകർക്കെല്ലാം ഈ വർഷം തന്നെ ജോലി കൊടുക്കുവാൻ കഴിയുമോ;

(സി) അദ്ധ്യാപക ബാങ്കിന്റെ പ്രവർത്തനം എന്ന്മുതലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>എച്ച്.എസ്.എസ്.റ്റി (മാത്സ്) അദ്ധ്യാപകരുടെ ഒഴിവ്</u>

2428 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 19.8.2011 ന് ഹയർ സെക്കന്ററി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.റ്റി (മാത്സ്) അദ്ധ്യാപകരുടെ ഒഴിവുകളുടെ എണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് ചെയ്തത്;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ഇനി എപ്പോൾ റിപ്പോർട്ട് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

എച്ച്.എസ്.എ. (സോഷ്യൽസ്റ്റഡീസ്) ഒഴിവുകൾ

2429 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സ്റ്റഡീസ്) തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും;

(സി) പ്രസ്തുത തസ്തികയിൽ കൊല്ലം ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; സ്കൂൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ:

(ഇ) അടുത്ത അധ്യായന വർഷത്തിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ചുറ്റുമതിൽ ഇല്ലാത്ത ഗവൺമെന്റ് സ്കൂളുകൾ</u>

2430 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡല പരിധിയിൽ വരുന്ന ഗവൺമെന്റ് സ്കൂളുകളിൽ ചുറ്റുമതിൽ ഇല്ലാത്തവ ഉണ്ടോ ;

(ബി) എങ്കിൽ അത്തരം സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

എച്ച്.എസ്.എ. (മലയാളം) നിയമനം

2431 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സ്കൂളുകളിൽ ആണ് മലയാളം ഹൈസ്കൂൾ അസിസ്റ്റന്റിന്റെ ഒഴിവുകൾ ഉള്ളത് എന്ന് വ്യക്തമാക്കുമോ; ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) 2008 സ്കൂൾ വർഷം മുതൽ നാളിതുവരെ നിയമനം നടത്തിയിട്ടുള്ള ഹൈസ്കൂൾ (മലയാളം) തസ്തികകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2008 സ്കൂൾ വർഷം മുതൽ നാളിതുവരെ ജില്ലാന്തര സ്ഥലം മാറ്റം വഴിയും പ്രൊമോഷൻ വഴിയും നടത്തിയിട്ടുള്ള നിയമനങ്ങൾ എത്രയെന്നും ഏതൊക്കെ എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ശ്രീമതി. സെലിന്റെ ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ സംബന്ധിച്ച്

2432 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചപ്പാരപ്പടവ് ഹൈസ്ക്കൂളിൽ നിന്നും 31.05.2002-ൽ റിട്ടയർ ചെയ്ത പ്രധാനാദ്ധ്യാപിക ശ്രീമതി. ടി.വി. സെലിന്റെ ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ 9 വർഷം കഴിഞ്ഞിട്ടും പൂർണ്ണമായും കിട്ടിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിയുടെ സേവനകാലയളവിലെ ഓഡിറ്റ് പൂർത്തീകരിച്ച് എൻ.എൽ.സി. നൽകിയിട്ടുണ്ടോ; നല്കിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് ഗ്രാറ്റുവിറ്റി പൂർണ്ണമായും നൽകാതിരുന്നതെന്ന് വിശദമാക്കാമോ;

(സി) എച്ച്.എം. ആയിരിക്കെ നടന്ന 2002 - ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചെലവിന് സ്പെഷ്യൽ സ്കീമിൽ നിന്നെടുത്ത 10,920/- രൂപയുടെ ബില്ല് സമർപ്പിച്ചിട്ടുണ്ടോ; ആയത് പാസ്സാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിട്ടുണ്ടോ; എന്തുകൊണ്ടാണ് സർട്ടിഫിക്കറ്റ് നൽകാതിരുന്നത്;സാങ്കേതിക തടസ്സമുണ്ടെങ്കിൽ ആയത് പരിഹരിച്ച് എന്നേക്ക് അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ കഴിയും ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ശ്രീമതി. കെ. ഗിരിജയുടെ ഫയലിന്മേൽ നടപടി</u>

2433 ഡോ: കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൃക്കണ്ടിയൂർ ജി.എൽ.പി സ്കൂൾ അദ്ധ്യാപികയായിരുന്ന ശ്രീമതി. കെ. ഗിരിജയുടെ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട എ7/4050/2007/കെ.ഡി.യു നമ്പർ ഫയൽ മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർ സർക്കാരിലേക്ക് അയച്ച് തന്നിരുന്നോ ;

(ബി) എങ്കിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ബി1/17904/2010 ഫയൽ പ്രകാരം പ്രസ്തുത ഫയൽ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് തിരിച്ചയച്ചിട്ടുണ്ടോ ;

(സി) ഈ ഫയലിൽ തുടർ നടപടികൾ എന്തെങ്കിലും സ്വീകരിക്കാനുണ്ടോ ;

(ഡി) ഇല്ലെങ്കിൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ എ7-4050/2007/കെ.ഡി.യു നമ്പർ ഫയൽ എന്നത്തേക്ക് തിരിച്ചയക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

അറബിക് അദ്ധ്യാപക തസ്തിക - കെ. ഇ. ആർ-ൽ ഭേദഗതി

2434 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.പി. സ്ക്കൂളുകളിൽ ഒരു ഫുൾടൈം അറബിക് അദ്ധ്യാപക തസ്തിക അനുവദിക്കാൻ കെ. ഇ. ആർ. അനുസരിച്ച് 28 മുസ്ലിം കുട്ടികൾ വേണമെന്ന മാനദണ്ഡം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ 28 മുസ്ലിം വിദ്യാർത്ഥികൾ എന്നത് മാറ്റി 28 വിദ്യാർത്ഥികൾ എന്നാക്കി കെ. ഇ. ആർ. ൽ ഭേദഗതി വരുത്താൻ തയ്യാറാകുമോ ;

(സി) എങ്കിൽ എപ്പോൾ ഭേദഗതി വരുത്തുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ഐ. ഇ. ഡി. എസ്. എസ്. അദ്ധ്യാപികമാർക്ക് പ്രസവാവധി ലഭിക്കാൻ നടപടി</u>

2435 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ഇ. ഡി. എസ്. എസ് (ഇൻക്ലുസീവ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് സെക്കന്ററി സ്കൂൾ) അദ്ധ്യാപികമാരിൽ യു. പി. സ്കൂൾ വരെയുള്ളവർക്ക് ശമ്പളത്തോടെയുള്ള പ്രസവാവധി ലഭിക്കുന്നതും ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗത്തിൽ ലഭിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എല്ലാ ഐ. ഇ. ഡി. എസ്. എസ്. അദ്ധ്യാപികമാർക്കും ശമ്പളത്തോടെയുള്ള പ്രസവാവധി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വൈക്കം നിയോജകമണ്ഡലത്തിലെ സ്കൂളുകൾ

2436 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ (ഗവ./എയ്ഡഡ്) 2010-11, 2011-12 വർഷങ്ങളിൽ ഒന്നാം ക്ലാസിൽ എത്ര കുട്ടികൾ പ്രവേശനം നേടിയെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടികൾ കുറഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ജി. എഫ്. യു. പി. എസ്. അപ്ഗ്രേഡ് ചെയ്യാൻ നടപടി

2437 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ കടവനാട് എന്ന സ്ഥലത്ത് ഹൈസ്കൂളില്ലാത്തത് മൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിഷറീസ് മേഖലയിലെ വിദ്യാർത്ഥികൾ 3-4 കി. മി. നടന്നും തുടർന്ന് ബസിൽ യാത്ര ചെയ്തും ദൂരെയുള്ള സ്കൂളുകളിലേക്ക് പോകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആർ. എം. എസ്. എ. യിൽ മുൻപ് നിർദ്ദേശമുണ്ടായിരുന്ന പ്രകാരം ജി. എഫ്. യു. പി. എസ്. അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ അടുത്ത അദ്ധ്യയന വർഷത്തിന് മുൻപ് തുടങ്ങാൻ കഴിയുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഇരിങ്ങാലക്കുട യിലെ സ്കൂളുകളിൽ അദ്ധ്യാപക ഒഴിവുകൾ

2438 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ പ്രൈമറി തലം മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിൽ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ മുഴുവൻ സർക്കാർ സ്കൂളുകളിലും നിലവിലുള്ള അദ്ധ്യാപക ഒഴിവുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത്കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ലാബ് അസിസ്റ്റന്റായി ജോലി ചെയ്യുന്നവർക്ക് പ്രമോഷൻ</u>

2439 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റായി ജോലി ചെയ്യുന്നവർക്ക് പ്രമോഷൻ നൽകാൻ നിലവിൽ വ്യവസ്ഥ ഉണ്ടോ;

(ബി) ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് എന്നീ വിഭാഗം ജീവനക്കാർക്ക് ലഭിക്കുന്നത് പോലെ ലാബ് അസിസ്റ്റന്റുമാരിൽ യോഗ്യത ഉള്ളവർക്കും അദ്ധ്യാപക നിയമനത്തിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപടിയെടുക്കുമോ;

(സി) ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റായി നിയമനം ലഭിച്ചിട്ടുള്ളതും എന്നാൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നതിനുള്ളയോഗ്യത ഉള്ളവരുമായ എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ച് പേരുവിവരങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ക്രമവിരുദ്ധ നിയമനം</u>

2440 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മാനദണ്ഡം ലംഘിച്ചുകൊണ്ട് മുൻ സർക്കാരിന്റെ കാലത്ത് എച്ച്.എസ്.എ. തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ/തസ്തികമാറ്റം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ക്രമവിരുദ്ധമായി നൽകിയ സ്ഥാനക്കയറ്റം സംബന്ധിച്ച ഉത്തരവ് റദ്ദുചെയ്ത് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

**എടപ്പാൾ ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഫുൾടൈം അറബിക് അധ്യാപക തസ്തിക**

2441

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടപ്പാൾ ഗവൺമെന്റ് എൽ.പി.സ്കൂളിലെ അറബി പഠിക്കുന്ന കുട്ടികളിൽ 15 പേർ മുസ്ലീങ്ങളും 18 പേർ ഹിന്ദുക്കളുമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളിലെ ഫുൾടൈം അറബിക് അധ്യാപക തസ്തിക നിലനിർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മുസ്ലീം കുട്ടികൾ മാത്രമേ അറബി പഠിക്കാവൂ എന്ന നിബന്ധന നിലവിലുണ്ടോ; ഇല്ലെങ്കിൽ എടപ്പാൾ ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഒരു ഫുൾടൈം അറബിക് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പ്രേരക്മാരുടെ വേതനം</u>

2442 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനം നടത്തുന്ന പ്രേരക്മാർക്ക് ഇപ്പോൾ ലഭിക്കുന്ന വേതനം വളരെ കുറവാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സാക്ഷരതാ പ്രേരക്മാർ</u>

2443 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സാക്ഷരതാ പ്രേരക്മാരാണ് പ്രവർത്തിച്ച് വരുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രതിമാസം എത്ര രൂപയാണ് ഇവർക്ക് ഇപ്പോൾ നൽകി വരുന്നത് ;

(സി) സംസ്ഥാന സാക്ഷരതാ മിഷൻ എക്സിക്യുട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തുകൾ സാക്ഷരതാ പ്രേരക്മാർക്ക് 500 രൂപ വീതം നൽകിയിരുന്നത്, തിരിച്ച് പിടിക്കുന്നതിനോ നിറുത്തലാക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ</u>

2444 ഡോ. എൻ. ജയരാജ്
ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

പോളിടെക്നിക്കുകളുടെ അടിസ്ഥാനസൗകര്യ വികസനം

2445 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി എത്ര കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്;

(സി) അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാകുന്നതിനുള്ള നടപടി എന്നു ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഐ. ഐ. റ്റി. തുടങ്ങുന്നതിനുള്ള നടപടി

2446 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ഐ. റ്റി. തുടങ്ങുന്നതിൽ കേന്ദ്ര ഗവൺമെന്റിന്റെ സമീപനമെന്താണ് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഐ. ഐ. റ്റി. തുടങ്ങുന്നതിന് കേന്ദ്രം ഉറപ്പു നൽകിയിട്ടുണ്ടോ ;

(സി) എവിടെയാണ് ഇതു സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഐ. ഐ. റ്റി. തുടങ്ങുന്നതിനുള്ള നടപടി എന്നു തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>സാങ്കേതിക സർവ്വകലാശാലകൾ സ്ഥാപിക്കാനുള്ള നടപടികൾ</u>

2447 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) ആദ്യഘട്ടത്തിൽ ഏതൊക്കെ വിഭാഗത്തിലുള്ള എൻജിനീയറിംഗ് കോളേജുകളാണ് ഈ സർവ്വകലാശാലയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ;

(സി) ഇങ്ങനെ ഉൾപ്പെടുത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശമുണ്ടാകുമോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ചേലക്കര ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ പുതിയ കോഴ്സുകൾ

2448

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതായി അറിയാമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ അധ്യാപകരുടെ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ;

(ഇ) പുതിയ കോഴ്സുകൾക്കാവശ്യമായ ജീവനക്കാരുടെ തസ്തികകൾ എപ്പോൾ സൃഷ്ടിക്കുമെന്നും കോഴ്സുകൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഇരിങ്ങാലക്കുട നടവരമ്പ് ഗവൺമെന്റ് മോഡൽ വി.എച്ച്.എസ്.ഇ. സ്കൂൾ</u>

2449 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ മാതൃക വിദ്യാലയമായ നടവരമ്പ് ഗവൺമെന്റ് മോഡൽ വി.എച്ച്.എസ്.ഇ സ്ക്കുളിനോട് അനുബന്ധിച്ച് ഒരു പോളിടെക്നിക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഉന്നത നിലവാരമുള്ള സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രമായി ഈ സ്ഥാപനത്തെ വളർത്തുവാൻ എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സ്ക്കൂളിൽ പോളിടെക്നിക്കും മറ്റ് സാങ്കേതിക കോഴ്സുകളും ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി ക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>എൻജിനിയറിംഗ് പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റ്</u>

2450 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എൻജിനിയറിംഗ്പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റിൽ ക്രമക്കേട് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 50 ശതമാനം മാർക്ക് വേണമെന്ന നിബന്ധന നിലവിലിരിക്കെ 43 ശതമാനം മാർക്ക് മാത്രമുള്ള ഒരു വിദ്യാർത്ഥി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടത് എങ്ങനെയെന്ന് വിശദമാക്കുമോ;

(സി) റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന സമിതിയിലെ എക്സ്പെർട്ട് കമ്മിറ്റിയംഗം ഡോ. എം.പി. ചന്ദ്രശേഖരൻ രേഖപ്പെടുത്തിയ വിയോജന കുറിപ്പിന്റെ സാരാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>മെരിറ്റ് സീറ്റിലെ ഫീസ് ഘടന</u>

2451 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ വർഷം മെരിറ്റിൽ എൻജിനിയറിംഗ്, മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് മുൻ വർഷത്തേക്കാൾ അധികമായി എത്ര രൂപ ഫീസായി നൽകേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>അലിഗഢ് മുസ്ലീം സർവ്വകലാശാല</u>

2452

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അലിഗഢ് മുസ്ലീം സർവ്വകലാശാലയുടെ കാമ്പസ് ആരംഭിക്കുന്നതിന് എപ്പോൾ, എത്ര ഭൂമിയാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അലിഗഢ് മുസ്ലീം സർവ്വകലാശാല കാമ്പസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം കോഴ്സുകൾ എന്നുമുതൽ ഈ കേന്ദ്രത്തിൽ നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഇപ്പോൾ കേന്ദ്ര സർക്കാർ എടുത്തിട്ടുള്ള നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ശാസ്ത്രി ബി. എ. കോഴ്സിന്റെ സിലബസ്</u>

2453 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആന്ധ്രാപ്രദേശിലെ തിരുപ്പതി രാഷ്ട്രീയ സംസ്കൃത വിദ്യാപീഠം നടത്തുന്ന ശാസ്ത്രി ബി. എ. കോഴ്സിന് (വിദൂര വിദ്യാഭ്യാസം) കണ്ണൂർ സർവ്വകലാശാലയുടെ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിദ്യാപീഠം നടത്തുന്ന ശാസ്ത്രി ബി. എ. കോഴ്സിന്റെ സിലബസ് റഗുലർ കോഴ്സിനും വിദൂര വിദ്യാഭ്യാസ പ്രകാരമുള്ള കോഴ്സിനും ഒന്നു തന്നെയാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മറ്റേതെങ്കിലും സർവ്വകലാശാലയുടെ സമാന സ്വഭാവമുള്ള ബിരുദ കോഴ്സുകൾ കണ്ണൂർ സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സാക്ഷരതാ പ്രവർത്തകരുടെ ആനുകൂല്യം</u>

2454 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ കോ-ഓർഡിനേറ്റർമാർക്കും പ്രവർത്തകർക്കും നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിയ്ക്കുമോ;

(ബി) സാക്ഷരതാ പ്രവർത്തകരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?